പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4057

20.03.2018 ൽ മറുപടിയ്ക്ക്

## ജൈവകൃഷി ഉല്പന്നങ്ങൾക്കായി ഫെയറുകൾ സംഘടിപ്പിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ജൈവകൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ;

എ) നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. **ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ** - 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്.
2. **ഇക്കോഷോപ്പുകൾ** - ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.
3. **ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം** - കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**4. ജൈവ കാർഷിക മണ്ഡലം അവാർഡ്** - ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നു.

**5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ** - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖേന പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

**6. കുട്ടനാട് ജി എ പി**

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

ബി) ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഹോർട്ടികോർപ്പിന്റെ മേൽനോട്ടത്തിൽ വിപണി ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) ഇല്ലെങ്കിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ജൈവകൃഷി ഉല്പന്നങ്ങൾക്കായി ഫെയറുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബി) & സി) ഉണ്ട്, കേരളത്തിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വില്പനയ്ക്കായി പ്രത്യേക കൗണ്ടർ സജ്ജമാക്കി, നാടൻ പച്ചക്കറികൾ എന്ന പ്രത്യേക ലേബലിൽ 'കേരള ഓർഗാനിക്' എന്ന പേരിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നുണ്ട്.

സംസ്ഥാന കൃഷി വകുപ്പിന്റെ സമഗ്ര ജൈവകൃഷി പദ്ധതിയിൽ ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും സംഭരിക്കപ്പെടുന്ന ജൈവ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് റെസിഡൻറ്സ് അസ്സോസിയേഷനുകളിലും മുനിസ്സിപ്പാലിറ്റികളിലും സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനായി നിലവിൽ 190 ഇക്കോഷോപ്പുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം നടത്തുന്നുണ്ട്. ഇതിനുപുറമെ ക്ലസ്റ്ററുകളിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ ഗ്രേഡിംഗും, പാക്കിംഗും, ലേബലിംഗും നടത്തി കേരള ഓർഗാനിക് ബ്രാൻഡ് നാമത്തിൽ വില്പന നടത്തുന്നു. ഇത്തരം ജൈവ ഉല്പന്നങ്ങൾക്ക്

കർഷകർക്ക് കിലോയ്ക്ക് 5 രൂപ അധികമായി ഇൻസെൻറീവ് നൽകുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 17 ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, റെസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവിടങ്ങളിൽ ഡയറക്ട് മാർക്കറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തിയും വിപണനം നടത്തിവരുന്നുണ്ട്.

കൂടാതെ വി.എഫ്.പി.സി.കെ യുടെ "തളിർ ബ്രാന്റഡ്" ഔട്ട്ലെറ്റുകളിൽ ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് പ്രത്യേക സെക്ഷനായി വിപണനം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ